**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. * 118

02.03.2017- ൽ
മറുപടിയ്ക്ക്

## കുടിയേറ്റ കർഷകർക്ക് പട്ടയം

ചോദ്യം
ശ്രീ.സി.ദിവാകരൻ
" ജി.എസ്.ജയലാൽ
" വി.ആർ.സുനിൽ കുമാർ
ശ്രീമതി.സി.കെ.ആശ

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) ദീർഘകാലമായി ഭൂമി കൈവശം വച്ചിരിക്കുന്ന കുടിയേറ്റ കർഷകർക്ക് പട്ടയം നല്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ: | (എ) | ഉണ്ട്. 01.01.1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറ്റം നടത്തിയിട്ടുള്ള കൈവശക്കാർക്ക് കേരള ഭൂമി പതിച്ചു നൽകൽ (01.01.1977-ന് മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ 1993-ലെ വ്യവസ്ഥകൾ പ്രകാരം കൈവശത്തിന് അർഹരാണോ എന്ന് വനം-റവന്യൂ-സർവ്വെ വകുപ്പുകൾ സംയുക്ത പരിശോധന നടത്തിയാണ് പട്ടയം നൽകുന്നത്. 01.08.1971 ന് മുമ്പ് വനേതര ഭൂമി കൈവശം വച്ചിരിക്കുന്ന കുടിയേറ്റകർഷകർക്ക് 1964 ലെ കേരള ഭൂമി പതിവ് ചട്ടം പ്രകാരം പട്ടയം നൽകി വരുന്നു. |
| (ബി) ഏതുവർഷം മുതലുള്ള കുടിയേറ്റക്കാർക്കാണ് പട്ടയം നല്കുന്നതെന്നും അർഹരായവർക്ക് എന്നു മുതൽ പട്ടയം നല്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | 01.01.1977- ന് മുമ്പ് വനഭൂമി കൈവശം വച്ചിരിക്കുന്ന കുടിയേറ്റക്കാർക്കു കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകി വരുന്നു. 01.08.1971-ന് മുമ്പുള്ള വനേതര ഭൂമി കൈവശംവച്ചിട്ടുള്ളവർക്ക് 1964 ലെ ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നു. |
| (സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ? | (സി) | പട്ടയം അനുവദിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ സർക്കാർ അനുമതിയോടെ വനം-റവന്യൂ-സർവ്വെ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി അർഹരെന്ന് കണ്ടെത്തുന്നവരുടെ സംയുക്ത പരിശോധന റിപ്പോർട്ടുകൾ വനംവകുപ്പ് മുഖേന കേന്ദ്രാനുമതിയ്ക്കായി അയയ്ക്കുന്നു. |

ഇടുക്കി ജില്ലയിൽ 2004 ലും 2010 ലുമുള്ള ഗവൺമെന്റ് നോട്ടിഫിക്കേഷൻ മുഖേന 1993-ലെ സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള പട്ടയങ്ങൾക്ക് അപേക്ഷ ക്ഷണിക്കുകയും അപ്രകാരം ലഭിച്ച അപേക്ഷകളിൽ ബാക്കി നിൽക്കുന്ന അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ 7-സ്പെഷ്യൽ (എൽ.എ) തഹസിൽദാർ ഓഫീസുകളിൽ നടന്നുവരുന്നു. 04.01.2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇടുക്കി ജില്ലയിൽ 30.04.2017-നകം 10,000 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുള്ളതും ആയതിന് പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

സെക്ഷൻ ഓഫീസർ